www.cdit.org

# സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ്)

വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷൻ, ഗോർക്കിഭവൻ

നം.362/വി.സി.ഡി./സി-ഡിറ്റ്/2022 03.01.2022

## ക്വട്ടേഷൻ ക്ഷണിക്കുന്നു

### ആമുഖം

സംസ്ഥാന സർക്കാരിനുകീഴിലുള്ള ഒരു സ്ഥാപനത്തിനുവേണ്ടി ദേശീയ ബാലികാദിനം, അന്താരാഷ്ട്ര വനിതാദിനം ഇവയുടെ ആചരണവുമായി ബന്ധപ്പെട്ട് **സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം, പൊതുസമൂഹത്തിലെ സ്ഥാനം** എന്നീ വിഷയങ്ങളിൽ പൊതുജനാവബോധം ഉണർത്തുന്നതിനായി ബസ്സിൽ സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്ന മൊബൈൽ എക്സിബിഷൻ സംവിധാനത്തിന് ആർട് ഡയറക്ടർമാരിൽനിന്നും അനുയോജ്യമായ ഡിസൈൻ, നിരക്ക് എന്നിവ ക്ഷണിക്കുന്നു.

### വിശദീകരണം

**സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം, പൊതുസമൂഹത്തിലെ സ്ഥാനം** എന്ന വിഷയത്തെ അധികരിച്ച് ദേശീയ ബാലികാദിനമായ 2022 ജനുവരി 24-ന് തിരുവനന്തപുരത്ത് നിന്നും ആരംഭിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പര്യടനം നടത്തി അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8-ന് തിരുവനന്തപുരത്ത് സമാപിക്കുന്ന നിലയിലാണ് എക്സിബിഷൻ ക്രമീകരിക്കുന്നത്.

### വാഹനസജ്ജീകരണം

ഏറ്റവും കുറഞ്ഞത് 12 മീറ്റർ നീളമുള്ള ഒരു ബസ്സ് ഇതിലേക്കായി വേർതിരിച്ച് നൽകുന്നതാണ്. ഇപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ബസ്സിന് തീമാറ്റിക് ഡിസൈൻ നൽകി മേൽപ്പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട പാനലുകൾ (3 x 5 അടി - 30 എണ്ണം) ഉപയോഗിക്കുന്ന നിലയിൽ ഡിസൈൻ തയ്യാറാക്കേണ്ടതാണ്.

### ശബ്ദ/വെളിച്ച ക്രമീകരണം

എക്സിബിഷൻ സാമഗ്രികൾ വാഹനത്തിനുള്ളിലും പുറത്തുമായി പ്രദർശിപ്പിക്കേണ്ടതും ആവശ്യമായ ശബ്ദ/വെളിച്ച സംവിധാനങ്ങൾ ക്രമീകരിക്കേണ്ടതുമാണ്.

### നിരക്ക്

വിശദമായ പ്രൊപ്പോസലിൽ ഉൾച്ചേർത്തിട്ടുള്ള ഓരോ ഘടകത്തിനും നേരെ അതിനാവശ്യമായി വരുന്ന നിരക്ക് രേഖപ്പെടുത്തേണ്ടതാണ്. ജി.എസ്.റ്റി. തുക പ്രത്യേകമായി കാണിച്ചിരിക്കേണ്ടതാണ്.

....2

## **ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി**

ക്വട്ടേഷൻ (ഡിസൈൻ സഹിതം) മുദ്രവച്ച **കവറിൽ 2022 ജനുവരി 10 തിങ്കൾ രാവിലെ 11:00 മണിക്കകം** താഴെപ്പറയുന്ന ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭ്യമായ ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11:30-ന് തുറന്ന് പരിശോധിക്കുന്നതാണ്.

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം :

**രജിസ്ട്രാർ (സി-ഡിറ്റ്)**
വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷൻ
ഗോർക്കിഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം - 34
e-mail : vcdcdit@gmail.com; Phone : 9895788166